# അനുഗ്രഹം

## സങ്കീർത്തനങ്ങൾ 67:1,2

**"ദൈവം നമ്മോടു കൃപ ചെയ്തു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ; അവൻ തന്റെ മുഖത്തെ നമ്മുടെമേൽ പ്രകാശിപ്പിക്കുമാറാകട്ടെ. നിന്റെ വഴി ഭൂമിയിലും നിന്റെ രക്ഷ സകല ജാതികളുടെ ഇടയിലും അറിയേണ്ടതിന്നു തന്നേ."**

'അനുഗ്രഹം', ഇന്ന് മനുഷ്യന്റെ ദാഹം ഇതിനു മാത്രമാണ്. അനുഗ്രഹം വേണ്ടാത്തതായി, ഇഷ്ടപ്പെടാത്തതായി ആരും തന്നെയില്ല. എന്നാൽ ക്രിസ്തീയ ജീവിതത്തിന്റെ യഥാർത്ഥ അനുഗ്രഹം എന്താണെന്നും, അത് എന്തിനാണെന്നും ബോദ്ധ്യപ്പെടുത്തുന്ന വാക്യമാണ് നാം കണ്ടത്.

"ദൈവകൃപ, ദൈവത്തിന്റെ മുഖപ്രകാശം" ഇതു രണ്ടും ഇല്ലാതെ ഒരു ആശ്വാസ ജീവിതം നയിക്കാൻ ദൈവപൈതലിന് ദുഷ്കരമാണ്. ഇന്ന് അരക്ഷിതത്വത്തിന്റെയും, മ്ലേച്ഛതകളുടെയും, കൊടും ഭീതികളുടെയും ഒക്കെ നടുവിലായ ലോകത്തിൽ നാം ഓരോരുത്തരും ആയിരിക്കുമ്പോൾ, അതിന്റെ മദ്ധ്യത്തിലും നമ്മെ നിലനിർത്തുന്നതായ രണ്ട് കാര്യങ്ങളാണ് ഇവ. ഇവ ജീവിതത്തിലേക്ക് ഒന്ന് ഏറ്റെടുത്ത്, അനുഭവിക്കുകയാണ് യഥാർത്ഥ അനുഗ്രഹം ആയി നമുക്ക് ആസ്വദിക്കുവാൻ കഴിയുന്നത്.

എന്നാൽ ഈ അനുഗ്രഹം നാം ആസ്വദിക്കുമ്പോഴും അതിന്റെ ആത്യന്തിക ലക്ഷ്യം മറ്റൊന്നുകൂടി ഉണ്ട് എന്ന വാസ്തവം മറക്കരുത്. അതായത് സങ്കീ. 67:2 ൽ കണ്ടതുപോലെ "നിന്റെ വഴി ഭൂമിയിലും നിന്റെ രക്ഷ സകല ജാതികളുടെ ഇടയിലും അറിയേണ്ടതിനു തന്നേ." അതെ, അവന്റെ വഴി ഭൂമി മുഴുവനും അവന്റെ രക്ഷ സകല ജാതികളുടെ ഇടയിലും അറിയണം. അതിനായിട്ടാണ് ദൈവം നമ്മെ കൃപ ചെയ്ത് അനുഗ്രഹിച്ചിരിക്കുന്നത്. അവന്റെ മുഖപ്രകാശം നമ്മുടെമേൽ പ്രകാശിപ്പിക്കുന്നത്. എത്ര വലിയ ഒരു ഉത്തരവാദിത്വമാണ് ദൈവപൈതലിൽ നിക്ഷിപ്തമായിരിക്കുന്നത്. വഴിയും സത്യവും, ജീവനുമായ ക്രിസ്തുവിന്റെ രക്ഷ ലോകമെമ്പാടും വിളിച്ചു പറയുവാനാണ് നമ്മെ കൃപചെയ്ത് രക്ഷിച്ച് അനുഗ്രഹിച്ചിരിക്കുന്നത്.

അവന്റെ ഏറ്റവും വലിയ അനുഗ്രഹം കൃപയാൽ ദാനമായി നമുക്കൊക്കെ ഒരുക്കിയ 'രക്ഷ' ആകുന്നുവല്ലോ. അതിലും മഹത്തായ, വിലയേറിയ ഒരു അനുഗ്രഹം ഇനി ലഭിക്കാനുമില്ല. ഒരു ദൈവപൈതലെന്ന് അഭിമാനത്തോടെ, നാം നമ്മുടെ അനുഗ്രഹങ്ങളെ ഓർത്ത് എണ്ണിപ്പറഞ്ഞ് പുകഴുമ്പോൾ, അതിൽമാത്രം ആയി നമ്മുടെ അനുഗ്രഹങ്ങളെ ഒതുക്കി നിർത്താതെ അവനെ നമുക്ക് ഘോഷിക്കാം. കർത്താവിന്റെ രക്ഷ നാം

സ്വീകരിച്ചു. യേശു ആരാണെന്ന് തിരിച്ചറിയാനുള്ള വഴി അവൻ നമുക്ക് കാണിച്ചു തന്നു. അങ്ങനെയെങ്കിൽ ഈ വഴിയിലൂടെ പതറാതെ, ഇടറാതെ, ലക്ഷ്യസ്ഥാനത്തേക്ക് നാം മാത്രം നടന്നാൽ പോരാ, അത് സകല ജാതികളുടെ ഇടയിലും എത്തിക്കുവാൻ ദൈവം കൃപ ചെയ്യുമാറാകട്ടെ. ജീവിതാനുഭവങ്ങളിലൂടെയും, ബന്ധങ്ങളിലൂടെയും, ഇടപാടുകളിലൂടെയും, എന്തിന് ഒരു നോട്ടത്തിൽ കൂടി പോലും ക്രിസ്തുവിനെ സാക്ഷിക്കുന്നവരായി തീരാം. അവന്റെ വഴി മാത്രം തിരിച്ചറിഞ്ഞ് അതിൽ അധികമായി ഉറച്ചു നിൽപ്പാനും അനേകരെ രക്ഷയുടെ നിത്യ സന്തോഷത്തിലേക്ക് കൈപിടിച്ചു നടത്താനും നമ്മെ സഹായിക്കാനായി ദൈവ കരങ്ങളിലേക്ക് വിട്ടുകൊടുക്കാമോ. ലഭിക്കുന്ന അവസരങ്ങൾ ദൈവഹിതപ്രകാരം അവനെ പ്രഘോഷിപ്പിക്കുവാൻ ദൈവകൃപ ധാരാളമായി ലഭിക്കട്ടെ.

**പരാമർശം :**

**എഫെസ്യർ 1:3**

സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 039**